**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5657** **16-03-2023 - ൽ മറുപടിയ്ക്ക്**

**ശബരിമല എയർപോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ശബരിമല വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ? | (എ) | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയുടെ ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (ടി.ഇ.എഫ്.ആർ) പൂർത്തീകരിക്കുകയും, അത് പദ്ധതിയുടെ സൈറ്റ് ക്ലിയറൺസ് ന് വേണ്ടി 2022 ജൂൺ മാസം കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് (MoCA ) സമർപ്പിക്കുകയും മന്ത്രാലയത്തിന്റെ സജീവ പരിഗണനയിലുമാണ്. 2022 നവംബർ മാസം ഡൽഹിയിൽ വെച്ച് കേന്ദ്ര വ്യോമയാന സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഗ്രീൻ ഫീൽഡ് വിമാനത്താവളങ്ങൾക്കായുള്ള സ്റ്റിയറിങ് കമ്മിറ്റി യോഗം കൂടുകയും, ശബരിമല വിമാനത്താവള പദ്ധതിയുടെ 'സൈറ്റ് ക്ലിയറൺസ്' അനുമതി അപേക്ഷയിന്മേൽ ചർച്ച നടക്കുകയും ചെയ്തു.<br><br>പദ്ധതിയെ സംബന്ധിച്ച്, അതിന്റെ നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി-യോട്, വ്യോമയാന മന്ത്രാലയം ആവശ്യപ്പെട്ട സ്പഷ്ടീകരണങ്ങൾ സമയബന്ധിതമായി നല്കിയിട്ടുണ്ട്. പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി (സൈറ്റ് ക്ലിയറൺസ്) ഉടൻ ലഭ്യമാകുമെന്ന് കരുതുന്നു.<br><br>പദ്ധതിയുടെ പാരിസ്ഥിതിക ആഘാത പഠനം നടന്നുവരുന്നു. ഇത് സമയബന്ധിതമായി പൂർത്തിയാക്കി പാരി സ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.<br><br>വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>ചെറുവള്ളി എസ്റ്റേറ്റിലും, എസ്റ്റേറ്റിന് പുറത്ത് കുറച്ച് അധിക ഭൂമിയിലുമായി, ഏകദേശം 2570 |

| | | | |
|---|---|---|---|
| | | | ഏക്കർ സ്ഥലത്താണ് വിമാനത്താവളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് . പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടി സർക്കാർ ആരംഭിച്ചിട്ടുണ്ട്. 2013ലെ ഭൂമിയെറ്റെടുക്കൽ നിയമപ്രകാരം 4(1) വിജ്ഞാപനം പുറപ്പെട്ടവിച്ച് സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുവാനും, പ്രസ്തുത പഠന റിപ്പോർട്ട് വിലയിരുത്താൻ ഒരു വിദഗ്ധ സമിതി രൂപീകരിക്കാനും ഉത്തരവായിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി സാമുഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) -യെ നിയോഗിച്ചു.<br><br>പ്രസ്തുത വിമാനത്താവളത്തിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായി ഒരു കമ്പനി (സ്പെഷ്യൽ പർപ്പസ്സ് വെഹിക്കിൾ) രൂപീകരിക്കുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ